**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്രൈ ഡേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ മാസവും ഒന്നാം തീയതി ഡ്രൈ ഡേ ആയി ആചരിക്കുന്നത് ഒഴിവാക്കിയാലുണ്ടാവുന്ന വരുമാന വര്‍ദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല |
| (ബി) | ഡ്രൈ ഡേ എന്ന് മുതൽ ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഡ്രൈ ഡേ ഒഴിവാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | ഈ നടപടി മൂലം മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (സി) | ബാധകമല്ല |
| (ഡി) | മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടു വന്ന് മദ്യവര്‍ജ്ജനത്തിന് ഊന്നൽ നൽകി ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരിവര്‍ജ്ജന മിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് ശരിയായ അവബോധം നൽകുന്നതിനും ലഹരിയുടെ വിപത്തിൽ വീഴാതെ സ്വയം സംരക്ഷണം തീര്‍ക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവര്‍ത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാര്‍ത്ഥികൾക്ക് അവബോധം നൽകുന്നതി നായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവര്‍ത്തിച്ച് വരുന്നു. വിദ്യാര്‍ത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് സ്കൂളുകളിൽ 'ഉണര്‍വ്വ് ' എന്ന പേരിലും 'നേര്‍വഴി' എന്ന പേരിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കോളേജ് തലത്തിൽ വിദ്യാര്‍ത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് |

| | | | |
|---|---|---|---|
| | | | ക്യാമ്പസുകളിൽ “നേർക്കൂട്ടം” എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡ് തലത്തിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ആദിവാസി മേഖലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.<br><br>ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ